"ഭരണഭാഷ-മാതൃഭാഷ"

# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം

ഉത്തരവ് നമ്പർ. E1- 11996/14/Kdis. തീയതി:05-04-2014

വിഷയം:- സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം- ശ്രീമതി. ശിശുവികസന പദ്ധതി ആഫീസർ, കാളികാവ് അഡീഷണൽ - ചുമതല മാറ്റി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- കാളികാവ് അഡീഷണൽ ശിശുവികസന പദ്ധതി ആഫീസർ ശ്രീമതി. ലൈല. പി. യുടെ 17-03-2014 ലെ അപേക്ഷ.

കാളികാവ് അഡീഷണൽ ശിശുവികസന പദ്ധതി ആഫീസർ ശ്രീമതി. ലൈല. പി. മകളുടെ വിവാഹ സംബന്ധമായി ആവശ്യത്തിനായി 01-04-2014 മുതൽ 25-04-2014 വരെ ആർജ്ജിത അവധി അനുവദിക്കണമെന്ന് പരാമർശം പ്രകാരം അപേക്ഷിച്ചിരിക്കുന്നു. ഇലക്ഷൻ കമ്മീഷന്റെ അനുമതിയോടെ മാത്രമെ അവധി അനുവദിക്കാൻ കഴിയൂ. എന്നാൽ ഒഫീസിലെ ബില്ലുകളും മറ്റും മാറുന്നതിന് തടസ്സം നേരിടീതിരിക്കുന്നതിന് ചുമതല മാറ്റി നൽകേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ ശ്രീമതി. ലൈല. പി. യുടെ അവധിക്കാലത്ത് കാളികാവ് അഡീഷണൽ ശിശുവികസന പദ്ധതി ആഫീസറുടെ പൂർണ്ണ അധിക ചുമതല ടി പ്രോജക്ടിലെ സൂപ്പർവൈസർ ശ്രീമതി. അത്തീക്കാമയ്ക്കും, ശ്രീമതി. ലൈല. പി. അധിക ചുമതല വഹിച്ചിരുന്ന മലപ്പുറം പ്രോഗ്രാം ഒഫീസറുടെ ചുമതല കൊണ്ടോട്ടി അഡീഷണൽ ശിശുവികസന പദ്ധതി ആഫീസർ ശ്രീ നരേന്ദ്രനാഥിനും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇലക്ഷൻ ഡ്യൂട്ടിനിർവഹിക്കുന്നതിന് റിട്ടേണിംഗ് ഒഫീസർ ഉത്തരവ് നൽകുകയാണെങ്കിൽ നിർബന്ധമായും ശ്രീമതി. ലൈല. പി. ഇലക്ഷൻ ഡ്യൂട്ടി നിർവഹിക്കേണ്ടതാണ്.

ചുമതലകൈമാറ്റം സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

**സാമൂഹ്യനീതി ഡയറക്ടർ**

1) ശ്രീമതി. ലൈല. പി.
   ശിശുവികസന പദ്ധതി ആഫീസർ, കാളികാവ് അഡീഷണൽ
2) ശ്രീമതി. അത്തീക്കാമ ,
   സൂപ്പർവൈസർ കാളികാവ് അഡീഷണൽ.
3) ശ്രീ നരേന്ദ്രനാഥ്,
   ശിശുവികസന പദ്ധതി ആഫീസർ, കൊണ്ടോട്ടി അഡീഷണൽ

പകർപ്പ്

1. അക്കൗണ്ടന്റ് ജനറൽ, കേരള ,തിരുവനന്തപുരം
2. ജില്ലാ സാമൂഹ്യനീതി ഓഫീസർ, മലപ്പുറം
3. ജില്ലാ പ്രോഗ്രാം ആഫീസർ, മലപ്പുറം

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്